വൈദ്യുതി പ്രതിസന്ധി

67 (407) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അണക്കെട്ടുകളിൽ ഭേദപ്പെട്ട നിലയിൽ ജലശേഖരമുണ്ടായിട്ടും കേരളം കടുത്ത വൈദ്യുതി പ്രതിസന്ധിയിലേക്ക് നീങ്ങുന്നുവെന്ന് വൈദ്യുതി ബോർഡ് കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ബി) സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധിയുടെ കാരണങ്ങൾ വിശദമാക്കാമോ ;

(സി) സംസ്ഥാനത്തിന്റെ ദൈനംദിന ശരാശരി വൈദ്യുതി ഉപഭോഗം എത്രയാണ് ; കേന്ദ്രപൂൾ, സംസ്ഥാന വിഹിതം അയൽസംസ്ഥാനങ്ങളിൽ നിന്നുള്ള വിഹിതം എന്നിവയുടെ കണക്കുകൾ വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്തിന്റെ വൈദ്യുതി പ്രതിസന്ധിക്ക് ശാശ്വത പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ & ബി) കേരളത്തിലെ ജലസംഭരണികളിൽ ശേഖരിച്ചിട്ടുള്ള ജലവും ഇനി പ്രതീക്ഷിക്കുന്ന നീരൊഴുക്കും കണക്കിലെടുത്താൽ 2014 മാർച്ച് വരെ 2900 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദനത്തിനാവശ്യമായ ജലമാണുള്ളത് എന്നാണ് കണക്കാക്കപ്പെടുന്നത്. വൈദ്യുതിയുടെ ആവശ്യകതയും ലഭ്യതയും തമ്മിലുള്ള അന്തരം വർദ്ധിച്ചുവരുന്നതായിട്ടാണ് അനുഭവപ്പെടുന്നത്, പ്രത്യേകിച്ച് പീക്ക് ലോഡ് സമയങ്ങളിൽ.

പവർ എക്സ്ചേഞ്ച്/ട്രേഡർമാർവഴി മറ്റു സംസ്ഥാനങ്ങളിൽനിന്നും വൈദ്യുതി വാങ്ങിയും വിലകൂടിയ താപവൈദ്യുതി ഉപയോഗിച്ചുമാണ് ഈ അന്തരം നികത്തുന്നത്. എന്നാൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഏർപ്പെട്ടിരിക്കുന്ന വൈദ്യുതി വാങ്ങൽ കരാറുകൾ പ്രകാരമുള്ള വൈദ്യുതിമുഴുവൻ ഇടനാഴികളുടെ അഭാവംമൂലം കേരളത്തിലേയ്ക്ക് കൊണ്ടുവരാൻ കഴിയുന്നില്ല. അധിക പ്രസരണ ഇടനാഴി ലഭ്യമാക്കുന്നതിനും കൂടുതൽ പ്രസരണ ലൈനുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും കേരളം നിരന്തരം പരിശ്രമിച്ചുവരുന്നു. കൂടാതെ പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ കാരണവും തദ്ദേശ വാസികളുടെ എതിർപ്പുകളും കാരണം പുതിയ വൈദ്യുതപദ്ധതികൾ തുടങ്ങാൻ കാലതാമസവും നേരിടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2014 നവംബർ മാസം 25-ാം തീയതിവരെയുള്ള കണക്കുപ്രകാരം ശരാശരി വൈദ്യുതി ഉപഭോഗം 59.34 ദശലക്ഷം യൂണിറ്റാണ്. കേന്ദ്ര വിഹിതമായി ലഭിച്ചത് ശരാശരി 26 ദശലക്ഷം യൂണിറ്റാണ്. അയൽ സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിന് വിഹിതമൊന്നുമില്ല. എന്നാൽ അന്തർ സംസ്ഥാന ലൈനുകളിൽകൂടി കേന്ദ്ര വിഹിതം deviation URS എക്സ്ചേഞ്ച് വഴിയും ട്രേഡർമാർ വഴിയും വൈദ്യുതി വാങ്ങുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ ഉപഭോഗത്തിനനുസരിച്ച് ആഭ്യന്തര ഉല്പാദനം വർദ്ധിക്കുന്നില്ല. ലഭ്യതയ്ക്കും ആവശ്യത്തിനും ഇടയിലുള്ള അന്തരം നികത്തുന്നതിന് സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനം കൂട്ടുകയും പ്രസരണ-വിതരണ നഷ്ടം, വൈദ്യുതി ഉപഭോഗം എന്നിവ കുറയ്ക്കുകയുമാണ് വേണ്ടത്. പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുന്നതിനായി ബോർഡുതലത്തിൽ നിരവധി നടപടികൾ സ്വീകരിക്കുന്നു. ഊർജ്ജ സംരക്ഷണം നടപ്പിലാക്കുന്നതുവഴി വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി Demand Side Management പ്രവൃത്തികളും ബോർഡുതലത്തിൽ ഊർജ്ജിതമായി നടന്നുവരുന്നു. ചെറുകിട ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിച്ചും നവീകരിക്കാവുന്ന സ്രോതസ്സുകളുപയോഗിച്ചുള്ള പദ്ധതികൾവഴിയും സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിച്ചുവരുന്നു. എന്നാൽ ഖനിജ ഇന്ധനങ്ങളുപയോഗിച്ചുള്ള ഒരു വൻകിട പദ്ധതിയെങ്കിലും ഉണ്ടെങ്കിൽ മാത്രമേ സംസ്ഥാനത്തിന്റെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ സാധിക്കുകയുള്ളൂ. കേരളത്തിലേക്ക് വൈദ്യുതി കൊണ്ടുവരുന്നതിനായി ഇപ്പോൾ നിർമ്മാണത്തിലുള്ള 400 കെ.വി. മൈസൂർ-അരീക്കോട്, 400 കെ.വി. ഇടമൺ-കൊച്ചി ലൈനുകളുടെ നിർമ്മാണം ലൈൻ റൂട്ടിലെ തർക്കങ്ങൾ പരിഹരിച്ച് പൂർത്തിയാക്കാൻ സംസ്ഥാന സർക്കാരും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും നടപടികൾ സ്വീകരിച്ചുവരുന്നു. ടി ലൈനുകൾ PGCIL ആണ് നിർമ്മിക്കുന്നത് . കൂടാതെ 400 കെ.വി ഉടുപ്പി-കാസർഗോഡ്-കോഴിക്കോട് ലൈനിനും SRPC യിൽ അനുമതി ലഭിച്ചിട്ടുണ്ട്.

കിനാലൂർ 110 കെ. വി. സ്റ്റേഷൻ

68 (408) ശ്രീ. പുരുഷൻ കടലുണ്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012 ജൂലൈ 1-ന് ബാലുശ്ശേരി അസംബ്ലി മണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിച്ച വേദിയിൽ ബഹു.ഊർജ്ജവകുപ്പ് മന്ത്രി പ്രഖ്യാപിച്ച കിനാലൂർ 110 കെ. വി. സ്റ്റേഷന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly